മലയാള മനോരമ
ESTABLISHED 1888
12 June 2019

# കൃഷി ചെയ്യുന്നോ, സഹായം റെഡി

കൊച്ചി • നെൽക്കൃഷിക്കു നിലമൊരുക്കൽ മുതൽ മത്സ്യക്കൃഷിക്ക് കൂട് നിർമാണം വരെ എല്ലാത്തരം കാർഷിക സേവനങ്ങളും ഒരു കുടക്കീഴിൽ. കാർഷികവൃത്തിയിൽ സൗകര്യങ്ങളൊരുക്കുന്നതിനും മറ്റും ജില്ലയിലെ കർഷകരെ സഹായിക്കാൻ എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ (കെവികെ) കാർഷിക സേവന കേന്ദ്രം സിഎംഎഫ്ആർഐയിൽ പ്രവർത്തനസജ്ജമായി.



നെൽക്കൃഷി, പൊക്കാളി കൃഷി, മത്സ്യകൃഷി, കൂടുമത്സ്യക്കൃഷി, ചെമ്മീൻകൃഷി, പച്ചക്കറി കൃഷി, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ തുടങ്ങി വിവിധ കൃഷിരീതികളിൽ കർഷകരെ സഹായിക്കുന്നതിനായാണു സേവനകേന്ദ്രം. കാർഷിക യന്ത്രസാമഗ്രികളുടെ സഹായവും കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയ നിർദേശങ്ങളും കേന്ദ്രത്തിൽ നിന്നു ലഭ്യമാകും.

ട്രാക്ടർ, യന്ത്രക്കലപ്പ, കുഴിവെട്ടി, ഞാറുനടീൽ യന്ത്രം, കളനശീകരണ യന്ത്രം, വിവിധയിനം സ്പ്രേയറുകൾ, പമ്പുകൾ തുടങ്ങിയവ അടങ്ങുന്ന കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തനോദ്ഘാടനം സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ നിർവഹിച്ചു. കർഷകർക്ക് സേവന കേന്ദ്രത്തിൽ റജിസ്റ്റർ ചെയ്യാം. 8089434479.